2141
29/11/18

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ചെങ്ങന്നൂർ എം.എൽ.എ. ആയിരുന്ന അഡ്വ. കെ.കെ. രാമചന്ദ്രൻ നായരുടെ ആകസ്മിക നിര്യാണം - സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ നിലവിലുള്ള കുടിശ്ശികയുടെ തിരിച്ചടവിന് വേണ്ടുന്ന തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **29/2018/റവ.** തിരുവനന്തപുരം, തീയതി, 28.01.2018.

==========================================

## <u>ഉത്തരവ്</u>

അന്തരിച്ച ചെങ്ങന്നൂർ എം.എൽ.എ. അഡ്വ. കെ.കെ. രാമചന്ദ്രൻ നായർ (പ്രശാന്ത്ഭവൻ, ആല പി.ഒ., ചെങ്ങന്നൂർ) സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ നിലവിലുള്ള കുടിശ്ശികയുടെ തിരിച്ചടവിന് വേണ്ടുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന തുക *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട തഹസീൽദാർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്,
**അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻ ചാർജ്ജ്).**

ജില്ലാ കളക്ടർ, ആലപ്പുഴ } അടിയന്തിര നടപടിക്കായി
തഹസിൽദാർ, ചെങ്ങന്നൂർ }

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
✓ വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Bindumol K.N
സെക്ഷൻ ഓഫീസർ.